# US PROFILES



## ബിജു കൊട്ടാരക്കര

emalayalee.com

# ഫൊക്കാനയുടെ സ്വപ്ന വളർച്ചയ്ക്ക് പുതുമുഖങ്ങൾ വരണം: ട്രഷറർ ബിജു കൊട്ടാരക്കര

എ.എസ് ശ്രീകുമാർ

അമേരിക്കൻ മലയാളി സംഘടനകളുടെ പ്രഥമ ഫെഡറേഷനായ ഫൊക്കാനയുടെ സ്വപ്ന തുല്യമായ വളർച്ചയ്ക്കും ദീർഘകാല കെട്ടുറപ്പിനും പുതിയ മുഖങ്ങളും യുവരക്തവും അനിവാര്യമാണെന്ന് സംഘടനയുടെ ഊർജസ്വലനായ ട്രഷറർ ബിജു ജോൺ കൊട്ടാരക്കര അഭിപ്രായപ്പെട്ടു. തിരുവനന്തപുരത്ത് ഈയിടെ നടന്ന ഫൊക്കാന കേരള കൺവൻഷന്റെ പശ്ചാത്തലത്തിൽ 'ഇ മലയാളി'യോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പഴയ നേതാക്കൻമാരെയും അവരുടെ സ്തുത്യർഹമായ പ്രവർത്തനങ്ങളെയും മാനിക്കുന്നതോടൊപ്പം പുതുമുഖങ്ങൾക്കും യുവജനങ്ങൾക്കും ഫൊക്കാനയിൽ സ്ഥാനമാനങ്ങൾ നൽകേണ്ടത് കാലത്തിന്റെ ആവശ്യമാണ്. നവീന ആശയങ്ങളും ചിന്തകളുമുള്ളവർ സംഘടനയുടെ ഭരണ സമിതിയിലെത്തുന്നതിലൂടെ ഫൊക്കാനയുടെ വളർച്ചയ്ക്കും ജനകീയ മുന്നേറ്റങ്ങൾക്കും അഭിമാനകരമായ പിന്തുടർച്ചയുണ്ടാകുമെന്ന് ബിജു ജോൺ കൊട്ടാരക്കര പറയുന്നു.

നിസ്തുലമായ സംഘടനാ പ്രവർത്തന ശൈലി, അധികാര സ്ഥാനങ്ങളോടുള്ള കമ്പമില്ലായ്മ, പിതാവിന്റെ വഴിയിലൂടെയുള്ള ജീവകാരുണ്യ പ്രവർത്തനം തുടങ്ങിയവ ബിജു കൊട്ടാരക്കരയുടെ സവിശേഷ ഗുണങ്ങളാണ്. മറ്റുള്ളവരുടെ നിർബന്ധത്തിന് വഴങ്ങിയാണ് അദ്ദേഹം ഫൊക്കാനയുടെ 2022-2024 കാലഘട്ടത്തിലേയ്ക്കുള്ള ട്രഷറർ സ്ഥാനാർത്ഥിയായി മൽസരിച്ച് വിജയിച്ചത്. തുടർന്ന് ഫൊക്കാനയുടെ പ്രവർത്തനങ്ങളിൽ ഈടുറ്റ





കണ്ണിയായി. ബിജു കൊട്ടാരക്കരയുമായുള്ള സംഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ...

**കേരള കൺവൻഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എത്രമാത്രം സാക്ഷാത്കരിക്കപ്പെട്ടു...**

അക്കാര്യത്തിൽ കേരള കൺവൻഷൻ വലിയ വിജയം തന്നെയായിരുന്നു. ഫൊക്കാന പ്രഖ്യാപിച്ചതും പൂർത്തിയാക്കിയതുമായ പ്രോജക്ടുകളുണ്ട്. വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ നിർധനരായ പത്ത് നേഴ്സിങ് വിദ്യാർത്ഥികൾക്ക് 1000 ഡോളർ വീതമുള്ള സ്കോളർഷിപ്പ് ഈ കൺവർഷൻ വേദിയിൽ നൽകുകയുണ്ടായി. വികലാംഗനായ ഒരു വ്യക്തിക്ക് ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ വാഗ്ദാനം ചെയ്ത വീടിന്റെ താക്കോൽ ദാനവും തദവസരത്തിൽ നടന്നു.

**പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ...**

തിരുവനന്തപുരം ജില്ലയിൽ നിർധനരായ 21 പേർക്ക് വീട് വച്ച് നൽകാനുള്ളതാണ് ഒരു പ്രോജക്ട്. ഇത് പൂർത്തീകരിക്കുന്നത് സംബന്ധിച്ച ഊർജിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. അമേരിക്കൻ മലയാളി കുടുംബങ്ങളിലെ 50 വിദ്യാർത്ഥികൾക്ക് സ്കോളർഷി





പ്പ് നൽകും. മലയാളി യുവത്വത്തെ മുഖ്യധാരാ രാഷ്ട്രീയത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായുള്ള വൈറ്റ ഹൗസ് ഇന്റേൺഷിപ്പ് ഏർപ്പെടുത്തും. മറ്റൊന്ന് പ്രസിഡന്റിന്റെ ഒരു ഡ്രീം പ്രോജക്ടാണ്. അമേരിക്കൻ ശൈലിയിലുള്ള 100 വീടുകൾ പാവപ്പെട്ടവർക്ക് നൽകാനുള്ള പദ്ധതിയാണിത്. ഇതുസംബന്ധിച്ച ആലോചനകളും നടക്കുന്നു.

**ഫൊക്കാന അതിന്റെ ഗുരുതരമായ പ്രതിസന്ധികളിൽ നിന്ന് കരകയറിയെന്ന് വിശ്വസിക്കാമോ...**

ഒരു സംശയവുമില്ല. സംഘടനയിൽ പ്രശ്നങ്ങൾ പലതുമുണ്ടെങ്കിലും ഇപ്പോൾ ഒരു പുനർജന്മത്തിന്റെ പാതയിലാണ്. ജോർജി വർഗീസ്, സജിമോൻ ആന്റണി ടീമിന്റെ കാലത്താണ് ഫൊക്കാന ഉയർത്തെഴുന്നേറ്റത്. അവർ ജനമധ്യത്തിലിറിയതിന്റെ പ്രതിഫലനമാണിത്. അമേരിക്കയിലെമ്പാടും സഞ്ചരിച്ച് അംഗസംഘടനകളുമായി നേരിട്ട് സംവദിക്കുകയും അവരുടെയൊക്കെ ഫീഡ്ബാക്ക് അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തതുകൊണ്ട് ജനങ്ങൾക്കിടയിൽ ഫൊക്കാനയ്ക്ക് പുതിയൊരു മേൽവിലാസമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. ഇപ്പോൾ ബാബു സ്റ്റീഫന്റെ ടീം

emalayalee.com








ചുമതലകൾ നിർവഹിക്കുമ്പോൾ ആ പ്രതിച്ഛായയുടെ തിളക്കം കൂടിയിട്ടേയുള്ളൂ.

**ഉയർത്തെഴുന്നേൽപ്പിനു ശേഷമുള്ള ചാരിറ്റി പ്രവർത്തനങ്ങളെപ്പറ്റി...**

ഏതൊരു സംഘടനയെ സംബന്ധിച്ചിടത്തോളം ജീവകാരുണ്യ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പാക്കുന്നതിന് യഥേഷ്ടം പണം വേണം. കാശില്ലെങ്കിൽ കാര്യം നടക്കില്ലല്ലോ. നിലവിൽ ഫൊക്കാനയുടെ ഒട്ടുമിക്ക പ്രോജക്ടുകൾക്കും പണം മുടക്കുന്നത് പ്രഡിഡന്റ് ബാബു സ്റ്റീഫനാണ്. അദ്ദേഹത്തെപ്പോലെ ഒരു പ്രസിഡന്റിനെ ലഭിച്ചത് ഫൊക്കാനയുടെ ഭാഗ്യമായി ഞാൻ കരുതുന്നു. ഏറെ പണം ഉണ്ടായിട്ട് കാര്യമില്ല, അത് ജനോപകാരപ്രദമായ പൊതു കാര്യങ്ങൾക്ക് വിനിയോഗിക്കാനുള്ള സൻമനസ് വേണം. അത് നമ്മുടെ പ്രിയ പ്രസിഡന്റിനുണ്ട്.

**ഫൊക്കാനയ്ക്ക് ഒരു അന്തർദേശീയ മുഖം നൽകാനുള്ള പരിപാടി എത്രത്തോളം വിജയിക്കും...**

വലിയൊരു സ്വപ്നമാണത്. നിലവിലെ ഭരണഘടനയനുസരിച്ച് അമേരിക്കയിലുള്ള അംഗങ്ങൾക്ക് മാത്രമേ വോട്ടവകാശമുള്ളൂ. അവർക്ക് മാത്രമേ വിവിധ സ്ഥാനങ്ങൾ വഹിക്കാൻ പറ്റുകയുള്ളൂ. മറ്റിടങ്ങളിൽ നിന്നുള്ളവർക്ക് ഒരു ഗസ്റ്റ് മെമ്പർ മാത്രമാകാം. ഫൊക്കാന ഇപ്പോൾ ഗ്ലോബൽ കാഴ്ചപ്പാടിലാണ്. വിവിധ രാജ്യങ്ങളിലെ മലയാളി സംഘടനകളുമായി ചർച്ച നടത്താനൊരുങ്ങുകയാണ്. അവരെയൊക്കെ ഫൊക്കാനയുടെ കുടക്കീഴിലാക്കി ഒരു അന്താരാഷ്ട്ര മുഖം നൽകാനാണ് ആഗ്രഹിക്കുന്നത്.

**വിവിധ രാജ്യങ്ങളിലെ മലയാളി സംഘടനകളുടെ താത്പര്യങ്ങളുമായി ഫൊക്കാനയ്ക്ക് എത്രമേൽ ചേർന്നുപോകാനൊക്കും...**

ശരിയാണ്. ആഫ്രിക്കയിലെ മലയാളി സംഘടനയുടെ പ്രവർത്തന പാരമ്പര്യവും കാഴ്ചപ്പാടുമായിരിക്കില്ല ഓസ്ട്രേലിയൻ മലയാളി അസോസിയേഷന്റേത്. ഫൊക്കാന ഇത് ഗൗരവമായ ചർച്ചയ്ക്ക് വിധേയമാക്കും.

**ഫൊക്കാനയുടെ സിഗ്നേച്ചർ പ്രോജക്ടായ ഭാഷയ്ക്കൊരു ഡോളർ എങ്ങനെ പുരോഗമിക്കുന്നു...**

മലയാള ഭാഷയൊടുള്ള ഫൊക്കാനയുടെ ആദരവിന്റെ പ്രതീകമാണ് ഭാഷയ്ക്കൊരു ഡോളർ. കേരള സർവകലാശാലയുടെ നേതൃത്വത്തിൽ ഇത് മുടക്കമില്ലാതെ പൂർവാധികം ഭംഗിയായി നടക്കുന്നു. കേരള കൺവൻഷനിൽ ആ തിരി തെളിയുകയും ചെയ്തു. പദ്ധതിയുടെ പ്രയോജനം കൂടുതൽ വിദ്യാർത്ഥികളിലെത്തിക്കണമെന്നാണ് പ്രസിഡന്റ് ബാബു സ്റ്റീഫൻ താത്പര്യപ്പെടുന്നത്.

**വാഷിങ്ടൺ ഡി.സിയിൽ നടക്കാൻ പോകുന്ന ഫൊക്കാന ഇന്റർനാഷണൽ കൺവൻഷൻ സംബന്ധിച്ച ഒരുക്കങ്ങൾ...**

കഴിഞ്ഞ വർഷമാണ് ഈ ഭരണ സമിതി ചുമതലയേറ്റത്. ആ സമയത്തുതന്നെ 2024 ജൂലൈ മാസത്തിൽ നടക്കുന്ന ഇന്റർനാഷണൽ കൺവൻഷനായുള്ള ഹോട്ടൽ ബുക്ക് ചെയ്യുകയും 100 തൗസന്റ് ഡോളർ അഡ്വാൻസ് കൊടുക്കുകയും ചെയ്തു.

emalayalee.com



ഫൊക്കാനയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും നേരത്തെ ഹോട്ടൽ ബുക്ക് ചെയ്യുന്നതും പരിപാടികൾ മുൻകൂട്ടി പ്ലാൻ ചെയ്യുന്നതും. വാഷിങ്ടൺ ഡി.സിയിലെ മാരിയറ്റ് ഹോട്ടലിൽ 2024 ജൂലൈ 18, 19, 20 തീയതികളിലാണ് കൺവൻഷൻ അരങ്ങേറുന്നത്.



**കൺവൻഷനിൽ ബഹുജന പങ്കാളിത്തം ഉറപ്പിക്കാനുള്ള കാര്യങ്ങൾ എന്തൊക്കെ...**

മിതമായ റജിസ്ട്രേഷൻ നിരക്കാണ് എടുത്തു പറയേണ്ട ആകർഷണം. ഏറ്റവും കുറഞ്ഞ ചെലവിൽ കുടുംബ സമേതം എത്തി കൺവൻഷൻ ദിനങ്ങൾ ആസ്വദിക്കാൻ പറ്റുന്ന രീതിയാലാണ് എല്ലാം ആസൂത്രണം ചെയ്തിരിക്കുന്നത്. വിവിധ രാജ്യങ്ങളിലുള്ള മലയാളികളും കൺവൻഷനിൽ ഭാഗഭാക്കാവും. അപ്പോൾ നമുക്കവിടെ കാണാം. ''ഹാപ്പി ഈസ്റ്റർ...''

* * *

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ചെങ്ങമനാട് കുളമാംവിള വീട്ടിൽ എൽ ജോൺ-തങ്കമ്മ ദമ്പതികളുടെ മകനാണ് ബിജു ജോൺ കൊട്ടാരക്കര.

പിതാവ് രാഷ്ട്രീയക്കാരനല്ലാത്ത പൊതുപ്രവർത്തകമാണ്. ജനങ്ങളുടെ ഏത് ആവശ്യവും അവകാശവും സാധിച്ചുകൊടുക്കുന്നതിനായി അവരോടൊപ്പം നിന്ന് പോരാടുന്ന വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. അതുകൊണ്ടുതന്നെ സാമൂഹ്യ പ്രവർത്തനത്തിൽ ഏറെ ചെറുപ്പത്തിൽ തന്നെ ബിജു ജോൺ ആകൃഷ്ടനായി.

സ്കൂൾ-കോളേജ് പഠന കാലത്ത് കെ.എസ്.യു പ്രവർത്തകനായിരുന്നു. കൂടാതെ സ്കൗട്ട്, എൻ.സി.സി തുടങ്ങിയ രംഗങ്ങളിൽ മികവ് പുലർത്തി. ഈ രംഗങ്ങളിലെ പരിശീലനം സമൂഹത്തിൽ നൻമ ചെയ്യുവാനുള്ള പ്രചോദനമായി. പന്തളം എൻ.എസ്.എസ് പോളിടെക്നിക്കിൽ നിന്നും മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ നേടിയ ബിജു ജോൺ കുറച്ചുകാലം തിരുവനന്തപുരം ടൈറ്റാനിയത്തിൽ ജോലി ചെയ്തു.

തുടർന്ന് ബോംബെയിലും പിന്നീട് ദുബായിൽ സെയിൽസ് എഞ്ചിനിയറായും പ്രവർത്തിച്ചു. 2005ൽ അമേരിക്കയിൽ കുടിയേറി. ന്യൂയോർക്കി



ലെ സ്റ്റോണി ബ്രൂക്ക് യൂണിവേഴ്സിറ്റിയിൽ ചോലി ചെയ്യവെ അവിടെ നിന്ന് എഞ്ചിനീയറിങ് ബിരുദം സമ്പാദിച്ചു. പിന്നീട് ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റ് അതോരിറ്റിയിലെ ജോലിക്കിടെ എം.ബി.എയും നേടി. നിരന്തരമായ പഠനം തന്റെ ഹോബിയാണെന്ന് ബിജു ജോൺ പറയുന്നു.

ന്യൂയോർക്ക് മലയാളി അസോസിയേഷൻ, കേരള സമാജം തുടങ്ങിയവയിലൂടെ സംഘടനാ പ്രവർത്തന രംഗത്തെത്തിയ ബിജു ജോൺ ലോങ്ങ് ഐലൻഡിലെ സാമൂഹിക സാംസ്കാരിക സാമുദായിക മണ്ഡലങ്ങളിൽ നിറ സാന്നിധ്യമാണ്. ഫൊക്കാനയുടെ അഡിഷണൽ അസോസിയേറ്റ് ട്രഷറർ സ്ഥാനത്തു നിന്നാണ് ട്രഷററായി തിരഞ്ഞെടുക്കപ്പെട്ടത്.

ഫൊക്കാന ഒർലാന്റോ കൺവെൻഷന്റെ വിജയത്തിനായി വിവിധ സ്റ്റേറ്റുകളിൽ നടന്ന റജിസ്ട്രേഷൻ കിക്ക് ഓഫുകളി പങ്കെടുത്തിട്ടുള്ള ബിജു ജോൺ, ജോർജി വർഗീസ്-സജിമോൻ ആന്റണി ടീമിലെ നെടും തൂണായി നിന്നു പ്രവർത്തിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളിൽ ഒരാളാണ്. മാധ്യമ പ്രവർത്തകൻ കൂടിയായ ബിജു ജോൺ കൊട്ടാരക്കര, കേരള ടൈംസ് ഓൺലൈൻ ന്യൂസ് പോർട്ടലിന്റെ ഡെപ്യൂട്ടി എഡിറ്ററാണ്.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐ.പി.സി.എൻ.എ) ന്യൂയോർക്ക് ചാപ്റ്റർ ജോയിന്റ് ട്രഷർ ആയിരുന്നു. ഫൊക്കാനയുടെ ത്രൈമാസികയായ ഫൊക്കാന ടുഡേയുടെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചു. കേരളാ എഞ്ചിനീയറിംഗ് ഗ്രാഡുവേറ്റ് അസോസിയേഷൻ ഇൻ നോർത്ത് അമേരിക്കയുടെ (കീൻ) വിവിധ സ്ഥാനങ്ങൾ വഹിച്ച ബിജു ജോൺ ന്യൂസ് ലെറ്റർ ആൻ






ഡ് പുബ്ലിക്കേഷൻസ് കോ-ഓർഡിനേറ്റർ ആണിപ്പോൾ.

കഴിഞ്ഞ 15 കൊല്ലമായി ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റ് അതോറിറ്റിയിൽ സൂപ്പർവൈസർ ആയി ജോലി ചെയ്യുകയാണ് ബിജു ജോൺ കൊട്ടാരക്കര. റജിസ്ട്രേഡ് നേഴ്സായി ജോലി ചെയ്യുന്ന ഷിജി ജോൺ ആണ് ഭാര്യ. മൂത്ത മകൾ ക്രിസ്റ്റീനാ ജോൺ നേഴ്സിങ് വിദ്യാർത്ഥിനിയാണ്. ഇളയ മകൾ ജൊയാന ജോൺ പത്താം ക്ലാസിൽ പഠിക്കുന്നു.